(ബി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയോ; എങ്കിൽ എന്ന് മുതൽ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) നഗരപ്രദേശങ്ങളിൽ ചേരികളിൽ താമസിക്കുന്നവർക്കായി ആരോഗ്യ ബോധവത്കരണം, രോഗപരിശോധന, ചികിത്സ എന്നിവ ലഭ്യമാക്കുകയാണ് ഉഷസ് എന്ന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. നഗര ചേരി നിവാസികളുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ആരോഗ്യ സേവന സംവിധാനങ്ങളുടെ വ്യാപനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഒരു നഗര ചേരി ആരോഗ്യ വികസന പദ്ധതിയാണിത്.

(ബി) നടപ്പിലാക്കി; ഒക്ടോബർ മാസം 2 -ാം തീയതി മുതൽ ഈ പദ്ധതി നടപ്പിൽ വന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ കളക്ടർമാർ, ദേശീയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർമാർ, ആരോഗ്യവകുപ്പ് സംസ്ഥാന, ജില്ലാ മേധാവികൾ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാസംതോറുമുള്ള ഉഷസ് പദ്ധതിയുടെ അവലോകനം കളക്ടർ ഉൾപ്പെടുന്ന ജില്ലാതല ആരോഗ്യ ഭരണ സമിതി നടത്തുവാനായി തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല അവലോകനം മാസം തോറുമുള്ള എസ്.എം.ഒ./ഡി.പി.എം. മീറ്റിംഗിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ടൂറിസം ബോർഡ് രൂപീകരണം

19 (*379) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖല സൃഷ്ടിക്കുന്ന അനുബന്ധ തൊഴിൽ മേഖലയുടെ വ്യാപ്തി എത്രത്തോളമുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടൂറിസം മേഖലയുടെ വിശാലമായ സാമ്പത്തിക സാമൂഹിക ശൃംഖല ശക്തമാക്കുന്നതിന് സംസ്ഥാനത്ത് ടൂറിസം ബോർഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) :

(എ) ടൂറിസം മേഖലയിലൂടെ നേരിട്ടും അല്ലാതെയും സൃഷ്ടിക്കപ്പെടുന്ന അനുബന്ധ തൊഴിൽ മേഖലയുടെ വ്യാപ്തി വളരെ വലുതാണ്. ഇക്കാര്യം പ്രത്യേകമായി വിലയിരുത്തിയിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ പ്രവർത്തനം

20 (*380) ശ്രീ. എം. ഹംസ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫാക്ടറീസ് ആന്റ് ബോയിലേഴ്സിന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം പരിശോധിച്ചിരുന്നോ;

(ബി) കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഫാക്ടറികൾ സന്ദർശിച്ച തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിലുള്ള പരിശോധനയിൽ കണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(സി) ഇതിനെത്തുടർന്ന് തൊഴിൽ നിയമലംഘനം തടയുന്നതിൽ പരാജയപ്പെട്ടതിന്റെ പേരിൽ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ഡി) തൊഴിൽ നിയമ ഭേദഗതി ഇത്തരം പ്രശ്നം കൂടുതൽ വഷളാക്കുമോ; എങ്കിൽ നിയമഭേദഗതികൾ തിരുത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) തൊഴിൽ മന്ത്രിയുടെ നേതൃത്വത്തിലുള്ള നിയമസഭാ സമിതി 27-11-2014-ന് കഞ്ചിക്കോട് മേഖലയിലെ പാരഗൺ സ്റ്റീൽസ് ഫാക്ടറി പരിശോധിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly